II.ഇ.ബി. XII--കേരള നിയമസഭ/VI- 8

**പന്ത്രണ്ടാം കേരള നിയമസഭ**

ആറാം സമ്മേളനം

**ചോദ്യോത്തരങ്ങൾ-സംഗ്രഹം**

2007 സെപ്റ്റംബർ 13, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

49 (*211) വൈകല്യമുള്ള കുട്ടികൾക്കായി കുടുംബശ്രീ സ്കൂളുകൾ

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യ വകുപ്പു മന്ത്രി (ഡോ. തോമസ് ഐസക്) നൽകിയ മറുപടിയിൽ, ശാരീരികവും മാനസികവുമായ വെല്ലുവിളികളും വളർച്ചാസംബന്ധമായ വെല്ലുവിളികളും (സെറിബ്രൽ പാൾസി, ഓട്ടിസം മുതലായവ) നേരിടുന്ന കുട്ടികൾക്കായി കുടുംബശ്രീയുടെ മാർഗ്ഗനിർദ്ദേശത്തിൽ 7 ഗ്രാമ പഞ്ചായത്തുകളിൽ 'ബഡ്സ് സ്കൂളുകൾ' എന്ന പേരിൽ പ്രത്യേക സ്കൂളുകൾ പ്രവർത്തിച്ചു വരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കൂടുതൽ ഗ്രാമപഞ്ചായത്തുകൾ ഇതിനായി താൽപര്യത്തോടെ മുന്നോട്ടു വരികയാണെങ്കിൽ കുടുംബശ്രീ ഇതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സഹായവും നൽകുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രത്യേക സ്കൂളുകൾ ആരംഭിക്കേണ്ടത്. ഇതിനായി ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായി ഒരു ഭരണസമിതി

ഉണ്ടായിരിക്കേണ്ടതും, സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ള ആനുകൂല്യങ്ങൾ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി പ്രസ്തുത ഭരണ സമിതിക്ക് കൈമാറേണ്ടതും ഭരണ സമിതി പ്രസ്തുത തുക സ്കൂളിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് വിനിയോഗിക്കേണ്ടതുമാണ്. പ്രത്യേക പരിശീലനം സിദ്ധിച്ചവരെ മാത്രം സ്പെഷ്യൽ സ്കൂളുകളിൽ നിയമിക്കുന്ന കാര്യവും നിലവിലുള്ള അദ്ധ്യാപികമാർക്ക് മതിയായ പരിശീലനം ലഭിച്ചിട്ടില്ലെങ്കിൽ പരിശീലനം നൽകുന്ന കാര്യവും പരിഗണനയിലാണ്. ബഡ്സ് സ്കൂളിൽ ഫിസിയോ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ് എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതതു പ്രദേശത്തെ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ സേവനം പ്രയോജനപ്പെടുത്തി ബഡ്സ് സ്കൂളുകളിലെ കുട്ടികൾക്ക് മെഡിക്കൽ പരിശോധന നടത്തിവരുന്നു. വൈകല്യമുള്ള കുട്ടികൾക്കായുള്ള സ്കൂളുകൾക്ക് കുടുംബശ്രീയിൽനിന്നും പ്രത്യേക ധനസഹായവും. എസ്.എസ്.എ.യുടെ ഫണ്ടും ലഭ്യമാകുന്നുണ്ട്. അത് പ്രത്യേക സ്കീമായിട്ട് കേന്ദ്ര സർക്കാരിന് നൽകി അനുവാദം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അതിനുപുറമെയാണ് ഈ വർഷം സർക്കാർ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന കാരുണ്യ ഡെപ്പോസിറ്റ് സ്കീം. അതുപ്രകാരം ഒരാൾ ട്രഷറിയിൽ ഒരു ലക്ഷം രൂപ ഡെപ്പോസിറ്റ് ചെയ്താൽ ഒരു വർഷം കഴിയുമ്പോൾ അയാൾക്ക് പണം തിരിച്ചെടുക്കാം. അയാൾ നിർദ്ദേശിക്കുന്ന ഇങ്ങനെയുള്ള സ്ഥാപനങ്ങൾക്ക് 15000 രൂപ സർക്കാർ നൽകും. അത് സമാഹരിക്കുന്ന സംഘടനയ്ക്ക് ഡെപ്പോസിറ്റിന്റെ ഒരു ശതമാനം നൽകും.

20 ലക്ഷം രൂപ ട്രഷറിയിൽ ഡെപ്പോസിറ്റ് ചെയ്യുകയാണെങ്കിൽ 3 ലക്ഷം രൂപ സർക്കാർ ഗ്രാന്റായിട്ട് നൽകും. അത്തരത്തിലുള്ള ഒരു സ്കീം ഈ റംസാൻ മാസത്തിൽത്തന്നെ ആരംഭിക്കണമെന്നാണ് ഗവണ്മെന്റ് ഉദ്ദേശിക്കുന്നത്. ഇത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. ഇത്തരം കുട്ടികളുടെ പൊതുപഠനത്തിനുള്ള ഒരു സിലബസ് ശാസ്ത്രീയമായി തയ്യാറാക്കാനായി ഒരു വിദഗ്ദ്ധ സമിതിയുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്. പലതരത്തിൽ വൈകല്യമുള്ള കുട്ടികളെ ഒന്നിച്ച് പഠിപ്പിക്കാൻ കഴിയുകയില്ല. 40 ശതമാനം വരെ വൈകല്യമുള്ള കുട്ടികൾക്ക് സാധാരണ സ്കൂളിൽത്തന്നെ ഇൻക്ളൂസീവ് എഡ്യൂക്കേഷൻ എന്ന രീതിയാണ് അംഗീകരിച്ചിട്ടുള്ളത്. ഡിസെബിലിറ്റി 40 ശതമാനത്തിനു മുകളിലുള്ള ഡെഫ് ആന്റ് ഡമ്പിനു വേണ്ടി സ്പെഷ്യൽ സ്കൂൾ ഉണ്ട്. അതിനുപുറമെയാണ് മെന്റലി റിട്ടാർഡഡ് സ്കൂളുകൾ. ഇതിലൊക്കെ വളരെ പരിമിതമായിട്ടുള്ള കുട്ടികളെ മാത്രമേ ഉൾക്കൊള്ളിക്കാൻ കഴിയൂ. കേരളത്തിൽ ഇന്ന് മാനസികവളർച്ച എത്താത്ത കുട്ടികളുടെ എണ്ണം 75000-ത്തിനും ഒരു ലക്ഷത്തിനുമിടയ്ക്ക് വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. എന്നാൽ 7000 കുട്ടികൾ മാത്രമേ എം.ആർ. സ്കൂളുകളിലുള്ളൂ. ഈ കുട്ടികളെ ഉൾക്കൊള്ളിക്കുന്ന അനൗപചാരിക സംവിധാനം എന്നുള്ള രീതിയിലാണ് ബഡ്സ് സ്കൂളുകൾ വിഭാവന ചെയ്യുന്നത്. അവർക്കുള്ള പരിശീലനപാഠ്യ പദ്ധതി ഉണ്ടാക്കുന്നതിനുവേണ്ടി സർക്കാർ ഒരു സമിതിയെ നിയോഗിക്കുന്നതാണ്. ദീൻദയാൽ പദ്ധതിയിൽനിന്നും സംസ്ഥാനത്തുള്ള എം.ആർ സ്കൂളുകൾക്ക് ധനസഹായം കിട്ടുന്നതിന് പ്രയാസമുണ്ടായിരുന്നു.

ഇപ്പോൾ കേന്ദ്രഗവണ്മെന്റ് ലംപ്സം ആയിട്ട് അലോക്കേഷൻ നൽകുകയാണ്. ഇത്തരത്തിലുള്ള 308 സ്പെഷ്യൽ സ്കൂളുകൾ ഉള്ളതിൽ 108 സ്കൂളുകളാണ് എഡ്യൂക്കേഷൻ ഡിപ്പാർട്ടുമെന്റുമായി രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇത്തരം സ്ഥാപനങ്ങൾക്ക് കേന്ദ്രസർക്കാരിന്റെ സഹായം മതിയാകുന്നില്ലെങ്കിൽ അടുത്ത സംസ്ഥാന ബഡ്ജറ്റിൽ അതിനുള്ള തുക ഉൾക്കൊള്ളിക്കുന്നതാണ്. വൈകല്യമുള്ള കുട്ടികളെ പരിശീലിപ്പിക്കുന്നതിനു വേണ്ടി ഐക്കോൺ എന്ന ഒരു സ്ഥാപനം ഹെൽത്ത് ഡിപ്പാർട്ടുമെന്റിന്റെ കീഴിലുണ്ടെന്നും തിരുവനന്തപുരത്തും ഷൊർണ്ണൂരും പ്രവർത്തിക്കുന്ന അതിന്റെ യൂണിറ്റുകൾക്ക് 50 ലക്ഷം രൂപ കൊടുത്തുകൊണ്ട് പ്രവർത്തനം ഒന്നുകൂടി സ്ട്രെങ്തൻ ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടെന്നും മലപ്പുറത്തുള്ള സ്ഥാപനത്തെക്കൂടി ഐക്കോണിന്റെ ഭാഗമാക്കി ശക്തിപ്പെടുത്താൻ ഗവണ്മെന്റ് ആലോചിക്കുന്നുണ്ടെന്നും ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി ഒരുപചോദ്യത്തിനു മറുപടിയായി വ്യക്തമാക്കി. വൈകല്യമുള്ള കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകർക്ക് 3000 രൂപയും ഹെൽപ്പർമാർക്ക് 1500 രൂപയും സ്പീച്ച് തെറാപ്പിസ്റ്റ്/ഫിസിയോതെറാപ്പിസ്റ്റിന്റെ ഒരു വിസിറ്റിന് 250 രൂപയുമാണ് വേതനമായി കൊടുക്കുന്നത്. പ്ളാൻഫണ്ടിൽനിന്നും ആറു മാസത്തിലേറെ ഓണറേറിയം അനുവദിക്കാറില്ലെങ്കിലും ഈ സ്കൂളുകളിലെ അദ്ധ്യാപകർക്ക് സ്ഥിരമായിട്ട് ഓണറേറിയം കൊടുക്കാൻ സർക്കാർ അനുവാദം നൽകിയിട്ടുണ്ട്. 600 അദ്ധ്യാപകർ നമ്മുടെ സ്കൂളുകളിൽ ഇതിന്റെ സ്പെഷ്യലിസ്റ്റായിട്ട് പ്രവർത്തിക്കുന്നുണ്ട്. പ്രാഥമിക വിദ്യാലയങ്ങളിലെ

അദ്ധ്യാപകർക്കും ഇതിൽ പരിശീലനം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഔപചാരിക പരിശീലന സംവിധാനമുണ്ടാക്കുന്നതിനും അത് വിപുലീകരിക്കുന്നതിനും സർക്കാർ ശ്രദ്ധിക്കുന്നതാണ്. ഈ കുട്ടികളുടെ ഭക്ഷണത്തിനും, ആരോഗ്യ പ്രവർത്തനങ്ങൾക്കുമായി പഞ്ചായത്തിന്റെ പ്ളാൻഫണ്ടിൽ നിന്നും തുക ചെലവഴിക്കാൻ അനുവാദം കൊടുത്തിട്ടുണ്ട്. മെന്റലി ചലഞ്ച്ഡ് ആയിട്ടുള്ള കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകരുടെ പ്രത്യേക പരിശീലനകേന്ദ്രങ്ങളിലെ സൗകര്യങ്ങളും പുതുതായി ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുകയും വർദ്ധിപ്പിക്കുന്നതാണ്. ഗവണ്മെന്റിന്റെ പൊതു നിബന്ധനകൾക്കുള്ളിൽ നിന്നുകൊണ്ട് ഈ മേഖലയിൽ ആവശ്യമുള്ള പരിശീലകരേയും അദ്ധ്യാപകരേയും ലഭ്യമാക്കാൻ സ്വാശ്രയസ്ഥാപനങ്ങളുടെ കാര്യത്തിൽ ഈ ഗവണ്മെന്റ് പിന്തുടരുന്ന സമീപനത്തിൽനിന്നും വ്യത്യസ്തമായ സമീപനം സ്വീകരിക്കുന്നതാണെന്ന് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ഒരുപചോദ്യത്തിനു മറുപടിയായി വ്യക്തമാക്കി. ഇത്തരത്തിലുള്ള കുട്ടികളുടെ വൈകല്യത്തിന്റെ തീവ്രത കണക്കാക്കുന്നതിനായി മെഡിക്കൽ ക്യാമ്പുകൾ തുടങ്ങുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ഇന്റർനാഷണൽ നോംസ് അനുസരിച്ച് 3 മുതൽ 5 ശതമാനംവരെയാണ് ഇത്തരത്തിലുള്ള ആളുകളുടെ എണ്ണം. എസ്.എസ്.എ. നടത്തിയ സർവ്വേ പ്രകാരം വൈകല്യമുള്ള സ്കൂൾകുട്ടികൾ 4 ശതമാനത്തിൽ താഴെയാണ്. വ്യക്തമായ കണക്ക് ശേഖരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. വൈകല്യമുള്ള കുട്ടികൾക്ക് കമ്പ്യൂട്ടർ തുടങ്ങിയ പഠനോപകരണങ്ങൾ വാങ്ങുന്നതിനായി

കമ്മ്യൂണിറ്റി ഇൻവോൾവ്മെന്റ് ആവശ്യമാണ്. ഇത്തരം കുട്ടികളെ പഠിപ്പിക്കുന്ന രജിസ്ട്രേഷനുള്ള സ്വകാര്യ സ്ഥാപനങ്ങൾക്ക് ധനസഹായം നൽകാനുള്ള സംവിധാനം ഉണ്ടാക്കുന്നതാണ്. വൈകല്യമുള്ള കുട്ടികൾക്കും അവരുടെ കൂടെപോകുന്ന രക്ഷിതാവിനും യാത്രാസൗജന്യം കൊടുക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് ഉപചോദ്യത്തിനു മറുപടിയായി മന്ത്രി വ്യക്തമാക്കി.

50 (*212) <u>കാൻസർ രോഗങ്ങൾ</u>

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് ജനസംഖ്യാവർദ്ധനവിനനുസരിച്ച് കാൻസർ രോഗികളുടെ എണ്ണത്തിലും വർദ്ധനവുണ്ടായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ഇതുസംബന്ധിച്ച് റീജിയണൽ കാൻസർ സെന്റർ നടത്തിയ പഠനം വ്യക്തമാക്കുന്നത് 1982-ൽ ആ സ്ഥാപനം പ്രവർത്തനമാരംഭിച്ചപ്പോൾ 3696 കാൻസർ രോഗികൾ ചികിൽസയ്ക്കായി എത്തിയിരുന്ന സ്ഥാനത്ത് 2006-ലെ കണക്കുപ്രകാരം 10909 രോഗികൾ ചികിൽസയ്ക്കായി എത്തിയെന്നാണ്. പ്രസ്തുത രോഗം വരുവാനുള്ള കാരണങ്ങളെക്കുറിച്ച് തിരുവനന്തപുരം റീജിയണൽ കാൻസർ സെന്റർ, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഓങ്കോളജി വിഭാഗം, രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി, മലബാർ കാൻസർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്നീ സർക്കാർ സ്ഥാപനങ്ങളിലും, അമല കാൻസർ സെന്റർ, അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് തുടങ്ങിയ സ്വകാര്യ സ്ഥാപനങ്ങളിലും പഠനങ്ങൾ നടന്നുവരുന്നു. അലോപ്പതിയിൽ

കാൻസർരോഗത്തിനുള്ള ചികിൽസ റേഡിയോ തെറാപ്പി, കീമോതെറാപ്പി, സർജറി എന്നീ രീതികളിലൂടെയാണ്. ആയുർവേദത്തിലും സിദ്ധയിലും ഹോമിയോപ്പതിയിലും കാൻസർ രോഗശമനത്തിനായി ആന്തരികമായി ഔഷധങ്ങൾ നൽകിക്കൊണ്ടുള്ള ശാസ്ത്രീയമായ ചികിൽസാരീതിയാണുള്ളത്. എല്ലാ താലൂക്കാശുപത്രികളിലും പ്രാഥമികാരോഗ്യകേന്ദ്രങ്ങളിലും കാൻസർ രോഗനിർണ്ണയത്തിനുള്ള ക്യാമ്പുകൾ നടത്തിവരുന്നു. ചില താലൂക്ക് ആശുപത്രികളിൽ രോഗനിർണ്ണയത്തിനും ജില്ലാതല ആശുപത്രികളിൽ സർജിക്കൽ റിമൂവർ, ഫോളോ അപ്പ് കീമോതെറാപ്പി, പെയിൻ ആന്റ് പാലിയേറ്റീവ് കെയർ എന്നിവയ്ക്കുമുള്ള സൗകര്യം ലഭ്യമാണ്. കാൻസറിന് പ്രത്യൗഷധം കണ്ടെത്തുവാൻ എല്ലാ ചികിൽസാശാലകൾക്കും മതിയായ പരിഗണനയും പ്രോൽസാഹനവും നൽകി വരുന്നുണ്ട്. ജീവിതശൈലിയിലുണ്ടായ വ്യത്യാസവും ജനിതകഘടകങ്ങളുംമൂലം സംസ്ഥാനത്ത് കാൻസർ രോഗം വർദ്ധിച്ചുവരികയാണ്. വളരെ ഫലപ്രദമായി പ്രവർത്തിച്ചിരുന്ന കോട്ടയം മെഡിക്കൽകോളേജിലെ ടെലികോബാൾട്ട് മെഷീൻ പ്രവർത്തനക്ഷമ മാക്കുന്നതിന് 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതിന്റെ പ്രവർത്തനം ആരംഭിക്കാൻ ഭരണാനുമതി ആയിട്ടുണ്ട്. കൂടാതെ അവിടെ ലീനിയർ ആക്സിലറേറ്റർ മെഷീൻ സ്ഥാപിക്കുന്ന കാര്യവും പരിഗണിക്കുന്നതാണ്. സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകൾ പരിയാരം മെഡിക്കൽ കോളേജ്, ആർ.സി.സി. എന്നിവയ്ക്കുപുറമെ ജില്ലാ-താലൂക്ക് കേന്ദ്രങ്ങളിലും ഏർലി ഡിറ്റെക്ഷൻ സംവിധാനം ഉണ്ടാക്കുന്നതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കുന്നതാണ്. തിരുവനന്തപുരം ആർ.സി.സി.യിൽ

ചികിൽസയ്ക്കായി എത്തുന്ന ബി.പി.എൽ. കുടുബത്തിൽപ്പെട്ടവർക്ക് സൗജന്യചികിൽസ നൽകിവരുന്നുണ്ട്. പാവപ്പെട്ടവർക്ക് മരുന്ന് വിലകുറച്ചു നൽകുന്ന കാര്യത്തെസംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുന്നതാണ്. ആർ.സി.സിക്ക് കിട്ടേണ്ട കേന്ദ്രസഹായം എത്രയും വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള പരിശ്രമം ഗവണ്മെന്റ് നടത്തിവരുന്നുണ്ട്. രോഗികൾക്ക് കൂടുതൽ ഫലപ്രദമായ ചികിൽസ എങ്ങനെ നൽകാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്. ജില്ലാ ആശുപത്രികളിൽ പെയിൻ ആന്റ് പാലിയേറ്റീവ് കെയർ യൂണിറ്റ് സ്ഥാപിക്കുന്നതിന് എം.എൽ.എ.ഫണ്ട് ഉപയോഗിക്കുന്നതിന് ബുദ്ധിമുട്ടില്ല. തലശ്ശേരിയിൽ പ്രവർത്തിക്കുന്ന മലബാർ റീജിയണൽ കാൻസർ സെന്ററിന് ആവശ്യമായ സഹായം കൊടുക്കാൻ ഗവണ്മെന്റ് തയ്യാറാണ്. കാൻസർ ബാധിത കുട്ടികൾക്ക് സഹായം നൽകുന്ന ഒരു ഫ്ളാറ്റ്ഷിപ്പ് പ്രോഗ്രാം ഈ വർഷം ഗവണ്മെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. രോഗമുള്ളവരെ നേരത്തെതന്നെ കണ്ടെത്തി ചികിൽസ കൊടുക്കാനുള്ള ക്രമീകരണം നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. കോടിയേരിയിലെ കാൻസർ ആശുപത്രിയിലെ സൗകര്യം വർദ്ധിപ്പിക്കുന്ന കാര്യം ആലോചിച്ചിട്ടുണ്ടെന്നും അതിനായി കേന്ദ്രസഹായം നേടിയെടുക്കുന്നതിന് സമ്മർദ്ദം ചെലുത്തുന്നതാണെന്നും തൃശ്ശൂരിൽ കാൻസർ സെന്ററിന്റെ കാര്യം പരിഗണിക്കുന്നതാണെന്നും തിരുവനന്തപുരം, കോഴിക്കോട് മെഡിക്കൽ കോളേജുകളിൽ ഓങ്കോളജിക്ക് പ്രത്യേക യൂണിറ്റ് അനുവദിക്കുന്നതിനെക്കുറിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തിട്ടുണ്ടെന്നും ഇതിനെസംബന്ധിച്ച് പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്കു മറുപടിയായി മന്ത്രി വ്യക്തമാക്കി.

## രേഖാമൂലം നൽകിയ ഉത്തരങ്ങൾ

51(*215) സർക്കാർ ആശുപത്രികളിലേയ്ക്ക് മരുന്നു വാങ്ങുന്ന തിനായി കോർപ്പറേഷൻ രൂപീകരിക്കുന്ന നടപടി

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 4-5-2007-ലെ സർക്കാർ ഉത്തരവുപ്രകാരം "കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്" തുടങ്ങുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ, കമ്പനി ആക്ട് പ്രകാരമുള്ള സംവിധാനങ്ങൾ ഒരുക്കൽ എന്നീ ചുമതലകൾ നിർവ്വഹിക്കുന്നതിന് ഒരു സ്പെഷ്യൽ ഓഫീസറെ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. മേൽപറഞ്ഞ കോർപ്പറേഷൻ രൂപീകരിക്കുന്നതിനായി ഡോ. ദിനേഷ് അറോറ ഐ.എ.എസ്. നെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്ന് കണ്ടതിനാലാണ് മേൽപറഞ്ഞ കോർപ്പറേഷൻ രൂപീകരിക്കാൻ തീരുമാനിച്ചത്. കമ്പനി രൂപീകരണം സംബന്ധിച്ച വിശദപഠനം സ്പെഷ്യൽ ഓഫീസർ നടത്തിയിട്ടുണ്ട്. കോർപ്പറേഷൻ രൂപീകരണ നടപടികൾ ത്വരിതഗതിയിൽ നടന്നുവരികയാണ്.

52 (* 222) അംഗൻവാടികളുടെ അടിസ്ഥാന സൗകര്യ വികസനം

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന ചില അംഗൻവാടികൾക്ക് അടിസ്ഥാന സൗകര്യത്തിന്റെ കുറവുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടു ണ്ടെന്നറിയിച്ചു. കുട്ടികളുടെ മാനസികോല്ലാസ ത്തിനായി ഓരോ വർഷവും അംഗൻവാടി ഒന്നിന് 500/- രൂപ മതിപ്പുള്ള പ്രീ-സ്കൂൾ എഡ്യൂക്കേഷൻ

കിറ്റുകൾ വാങ്ങി നൽകിവരുന്നു. അംഗൻവാടികൾ വിഭവ കേന്ദ്രങ്ങളായി ഉയർത്തുന്നതിന്റെ ഭാഗമായി ഘട്ടംഘട്ടമായി തെരഞ്ഞെടുത്ത 247 അംഗൻവാടികളിൽ കമ്പ്യൂട്ടർ വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ വിവിധ പഠനോപകരണങ്ങൾ, കളിക്കോപ്പുകൾ മുതലായവ അംഗൻവാടികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. കുട്ടികളുടെ മാനസികോല്ലാസം വർദ്ധിപ്പിക്കുന്ന പ്രത്യേകം കരിക്കുലം അനുസരിച്ചുള്ള പാഠ്യ പദ്ധതി അംഗൻവാടികളിൽ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

53 (* 235) കടലാക്രമണ പ്രതിരോധപ്രവർത്തനങ്ങൾ

ജലവിഭവ വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കടലാക്രമണ പ്രതിരോധത്തിനായി 12-ാം ധനകാര്യ കമ്മീഷന്റെ ആദ്യവർഷമായ 2006-2007-ൽ 63.55 കോടി രൂപയുടെ കടൽഭിത്തി നിർമ്മാണം, പുനരുദ്ധാരണം എന്നീ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് അറിയിച്ചു. ഇതനുസരിച്ചുള്ള പണികൾ പുരോഗമിച്ചുവരുന്നു. 2007-08, രണ്ടാം ഘട്ടത്തിലെ പ്രവർത്തികളുടെ കർമ്മപദ്ധതി തയ്യാറാക്കിവരുന്നു. സുനാമി പുനരധിവാസ പദ്ധതിയിൽ 120 കോടി രൂപയുടെ കടലാക്രമണ പ്രതിരോധ പ്രവർത്തനങ്ങൾ (കടൽഭിത്തി നിർമ്മാണം, പുനരുദ്ധാരണം, പുലിമുട്ടു നിർമ്മാണം) എന്നിവയ്ക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയുടെ വിശദമായ എസ്റ്റിമേറ്റുകൾ തയ്യാറാക്കി അനുമതിക്കുള്ള പ്രാരംഭ നടപടികൾ എടുത്തുവരുന്നു. കൂടാതെ അടിയന്തിരഘട്ടങ്ങളിൽ സംസ്ഥാന

ഫണ്ട് ഉപയോഗിച്ച് കരിങ്കൽച്ചിറകൾ നിർമ്മിച്ച് കടലാക്രമണം പ്രതിരോധിച്ചുവരുന്നു.

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ**

53 (1479) വിവാഹ രജിസ്ട്രേഷൻ

വിവാഹ രജിസ്ട്രേഷൻ നിർബന്ധമാക്കിക്കൊണ്ടുള്ള സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് നടത്തപ്പെടുന്ന എല്ലാ വിവാഹങ്ങളും ജാതിമതഭേദമെന്യേ ബന്ധപ്പെട്ട തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് നിഷ്ക്കർഷിച്ചുകൊണ്ട് ഒരു കരട് ചട്ടം പൊതുജനങ്ങളുടെ അറിവിലേയ്ക്കും അഭിപ്രായങ്ങൾക്കുമായി വിജ്ഞാപനം ചെയ്യുകയുണ്ടായി. പൊതുജനങ്ങളിൽ നിന്നും വിവിധ സാമുദായിക സംഘടനകളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളും ആക്ഷേപങ്ങളും പരിശോധിച്ച് ചട്ടങ്ങൾക്ക് അന്തിമരൂപം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

54 (1520) രജിസ്റ്റർ ചെയ്ത വാഹനങ്ങൾ

സംസ്ഥാനത്ത് 2006-07-ൽ മോട്ടോർ വാഹന നിയമപ്രകാരം 567294 കാറുകളും 2419109 ടൂ വീലറുകലും 452083 ത്രീ വീലറുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

55 (1532) ഗവൺമെന്റ് പ്രസ്സുകളുടെ ആധിനുകവല്ക്കരണം

ഗവൺമെന്റ് പ്രസ്സുകളുടെ നവീകരണത്തിനായി നടപ്പു സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകകൊള്ളിച്ചിട്ടുള്ള 2.5 കോടി രൂപ വിനിയോഗിച്ച് ഗവൺമെന്റ് പ്രസ്സുകളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനായി ടെക്നിക്കൽ

കമ്മിറ്റിയുടെ തീരുമാനപ്രകാരം യന്ത്രസാമഗ്രികൾ വാങ്ങുന്നതിനും മറ്റ് അനുബന്ധ കാര്യങ്ങൾ ചെയ്യുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു.

56 (1607) <u>ദേശീയ വികലാംഗ പുനരധിവാസ പദ്ധതി</u>

04-08-07-ലെ ഉത്തരവുപ്രകാരം ദേശീയ വികലാംഗ പുനരധിവാസ പദ്ധതി ആദ്യഘട്ടത്തിൽ കൊല്ലം, പാലക്കാട്, കാസർഗോഡ് ജില്ലകളിലാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച 2,57,10,000/- രൂപയും പലിശയും ചേർത്ത് 3.37 കോടി രൂപയാണ് നീക്കിവച്ചിട്ടുള്ളത്.

57 (1613) <u>ജലനയം</u>

1992 മാർച്ചിൽ സംസ്ഥാനത്ത് ആദ്യമായി പ്രഖ്യാപിച്ച ജലനയം 2002-ൽ പ്രഖ്യാപിച്ച ദേശീയ ജലനയത്തിന് അനുസൃതമായി നവീകരിക്കാൻ CWRDM എക്സിക്യൂട്ടീവ് ഡയറക്ടർ അദ്ധ്യക്ഷനായുള്ള ഒരു വിദഗ്ദ്ധ സമിതിയെ 2003 ആഗസ്റ്റ് മാസം കൂടിയ സംസ്ഥാന ജലവിഭവ സമിതി യോഗം ചുമതലപ്പെടുത്തി. വിദഗ്ദ്ധ സമിതി തയ്യാറാക്കിയ കരട് ജലനയം സൂക്ഷ്മമായി വിശകലനം ചെയ്ത് ദേശീയ ജലനയം, നിലവിലുള്ള സംസ്ഥാന ജലനയം, വിവിധ സംസ്ഥാനങ്ങളിൽ നിലവിലുള്ള ജലനയം എന്നിവയ്ക്കനുസൃതമായും പൊതുജനാഭിപ്രായങ്ങൾ, വിവിധ മേഖലകളിലെ വിദഗ്ദ്ധരുടെ നിർദ്ദേശങ്ങൾ എന്നിവയും ഉൾക്കൊള്ളിച്ച് പരിഷ്ക്കരിക്കുവാൻ ജലവിഭവ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മേൽപറഞ്ഞ കമ്മിറ്റി നവീകരിച്ച കരട് ജലനയം സമർപ്പിക്കുമ്പോൾ ആയതിന് സംസ്ഥാന

ജലവിഭവ കൗൺസിലിന്റേയും മറ്റും അംഗീകാരം ലഭിച്ചശേഷം 'ജലനയം' സർക്കാർ തലത്തിൽ പ്രഖ്യാപിക്കുന്നതാണ്.

58 (1619) കേന്ദ്ര ഗവൺമെന്റിന്റെ കാർഷിക പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ, മലമ്പുഴ, ചിറ്റൂർപ്പുഴ വയനാട് ജില്ലയിലെ കാരാപ്പുഴ, ബാണാസുരസാഗർ എന്നീ പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന്റെ കാർഷിക പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കർഷകരുടെ പുനരധിവാസത്തിനായുള്ള പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ്, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ജലസേചന സൗകര്യം വർദ്ധിപ്പിക്കുന്നതിനുവേണ്ടി അഷ്വേർഡ് ഇറിഗേഷൻ പ്രോഗ്രാമിൽ ഉൾപ്പെടുത്തി ചെറുകിട ജലസേചന പദ്ധതികൾക്കായി 70.03 കോടി രൂപയുടേയും വാട്ടർഷെഡ് ഡെവലപ്മെന്റ് സ്കീമിൽ ഉൾപ്പെടുത്തി തടയണകളുടെ നിർമ്മാണത്തിനായി 90 കോടി രൂപയുടേയും പദ്ധതികൾ നബാർഡ് സഹായത്തോടുകൂടി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പദ്ധതിയിൽ വി.സി.ബി., തടയണകൾ, വിയറുകൾ, കുളങ്ങൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. വയനാട് ജില്ലയിലെ കാരാപ്പുഴ പദ്ധതിക്കുവേണ്ടി കേന്ദ്ര ഗവൺമെന്റ് 2006-07-ൽ 2.718 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഈ പദ്ധതിയിൽ കാഞ്ഞിരപ്പുഴ, മലമ്പുഴ എന്നീ പദ്ധതികളുടെ നവീകരണവും പുനരുദ്ധാരണ പ്രവർത്തികളും ചിറ്റൂർപ്പുഴ പദ്ധതിയുടെ നവീകരണവും മൂലത്തറ ബ്രാഞ്ച് കനാലിന്റെ എക്സ്റ്റൻഷനുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

59 (1621) മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ഏജൻസികൾ

ജലനിധിയുടെ മഴകേന്ദ്രം, കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന റൂഫ്ടോപ്പ് മഴവെള്ള സംഭരണ പദ്ധതി, ഗ്രാമവികസന വകുപ്പ് നടപ്പിലാക്കുന്ന ഹരിയാലി പദ്ധതി, പശ്ചിമഘട്ട വികസന സെൽ നടപ്പിലാക്കുന്ന പശ്ചിമഘട്ട വികസന പരിപാടി എന്നീ ഏജൻസികളാണ് സംസ്ഥാനത്ത് മഴവെള്ള സംഭരണവുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത്.

60 (1623) ജലനിധി പദ്ധതി

സംസ്ഥാനത്തെ തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന ജലനിധി കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുന്ന കിണറുകൾ, ജലസ്രോതസ്സുകൾ എന്നിവ സംരക്ഷിച്ച് പ്രയോജനപ്പെടുത്താറുണ്ട്. ഡിസംബർ 2007-ന് കാലാവധി അവസാനിക്കുന്ന ജലനിധി പദ്ധതിയുടെ തുടർ പദ്ധതി സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഘട്ടം ഘട്ടമായി മാത്രമേ കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലേയ്ക്കും ജലനിധി കുടിവെള്ള പദ്ധതി വ്യാപിപ്പിക്കാൻ സാധിക്കുകയുള്ളൂ.

61 (1653) പുനരുദ്ധരിച്ച ജല സ്രോതസ്സുകൾ

തോടുകളും കുളങ്ങളും പുനരുദ്ധരിച്ച് സംരക്ഷിക്കുക, വി.സി.ബി. കൾ, തടയണകൾ എന്നിവ നിർമ്മിക്കുക, തോടുകളുടേയും നദികളുടേയും പാർശ്വ സംരക്ഷണവും ആഴം കൂട്ടലും, ലിഫ്റ്റ് ഇറിഗേഷൻ എന്നിവയാണ് ജല സംരക്ഷണത്തിനുവേണ്ടി സംസ്ഥാനത്ത് ജലസേചന വിഭാഗം നടപ്പിലാക്കിവരുന്ന പദ്ധതികൾ. ഉപയോഗശൂന്യമായിരുന്ന 230 കുളങ്ങളും

2 ചിറകളും ഉപയോഗപ്രദമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പുഴകളുടെ തീര സംരക്ഷണവും തോടുകളുടെ അത്യാവശ്യമുള്ള ഭാഗങ്ങളുടെ ആഴംകൂട്ടുന്ന പണികളും ഏറ്റെടുത്ത് നടപ്പിലാക്കാറുണ്ട്. ഇങ്ങനെ 38 തോടുകളിലേയും 2 നദികളിലേയും ആഴം കൂട്ടൽ വഴി ഒരു പരിധിവരെ മാലിന്യങ്ങൾ നീക്കംചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.